# നോട്ടീസ്

എച്ച് 1 – 4131639/2025

കൂത്തുപറമ്പ് നഗരസഭ

06/10/2025

കൂത്തുപറമ്പ് നഗരസഭ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്സ് (1994 ലെ 20 ാം ആക്ട്) 436, 437, 567 (29) (34) എന്നീ വകുപ്പുകൾ പ്രകാരം വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് നൽകൽ സംബന്ധിച്ച ഒരു ബൈലോ വിജ്ഞാപനം ചെയ്യാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനം സംബന്ധിച്ച് ആക്ഷേപങ്ങളോ/അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയ്യതി മുതൽ 30 ദിവസത്തിനകം പൊതു ജനങ്ങൾക്ക് ആക്ഷേപങ്ങളും അഭിപ്രായങ്ങളും രേഖാമൂലം ഈ ഓഫീസിൽ അറിയിക്കാവുന്നതാണ്. നിശ്ചിത സമയ പരിധിക്കകം ലഭിക്കുന്ന ആക്ഷേപങ്ങളും, അഭിപ്രായങ്ങളും മാത്രമേ കൗൺസിൽ പരിഗണിക്കുകയുള്ളു.

MUNICIPAL OFFICE ★ KUTHUPARAMBA ★

സെക്രട്ടറി
കൂത്തുപറമ്പ് നഗരസഭ

ഉള്ളടക്കം :

1. കരട് ബൈലോ

പകർപ്പ്:

1. നോട്ടീസ് ബോർഡ്
2. ടെക്നിക്കൽ അസിസ്റ്റന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

# കൂത്തുപറമ്പ് നഗരസഭ
## വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ്

കേരള മുനിസിപ്പൽ ആക്ട് 1994 ലെ 20-ാം ആക്ട് 436,437 വകുപ്പുകളോട് 567(29)(34) വകുപ്പ് കൂടി വായിച്ച പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് **കൂത്തുപറമ്പ് നഗരസഭ** തയ്യാറാക്കിയ കരട് ബൈലോ.

1. ചുരുക്കപേര്:- ഈ ബൈലോ 2025 ലെ വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് എന്ന പേരിൽ അറിയപ്പെടും.
2. ഉദ്ദേശ്യം:- കൂത്തുപറമ്പ് നഗരസഭാ പരിധിയിൽ വരുന്ന വളർത്തുമൃഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി അവയെ വളർത്തുവാനുള്ള ലൈസൻസ് ഉടമസ്ഥന് അനുവദിക്കലും പേവിഷബാധ തടയുന്നതുമായി ബന്ധപ്പെട്ട് ചട്ടങ്ങളും നടപടിക്രമങ്ങളും വ്യവസ്ഥപ്പെടുത്തുകയുമാണ്.
3. ആരംഭം:- ബൈലോ പ്രസിദ്ധീകരിക്കുന്ന തീയ്യതി മുതൽ നടപ്പിൽ വരുന്നതാണ്.
4. വ്യാപ്തി:- ഈ ബൈലോയുടെ വ്യാപ്തി കൂത്തുപറമ്പ് നഗരസഭാ മുഴുവൻ ഭാഗങ്ങളിലും അതിർത്തിക്കുള്ളിലുമായിരിക്കും.

**പാർട്ട് 1: നിർവചനങ്ങൾ / വ്യാഖ്യാനങ്ങൾ**

1. ആക്ട്: എന്നാൽ 1994 കേരള മുനിസിപ്പൽ ആക്ട് (1994 ലെ 20-ാം ആക്ട്) എന്നർത്ഥമാക്കുന്നു.
2. നഗരസഭ: എന്നാൽ കൂത്തുപറമ്പ് നഗരസഭ എന്നുദ്ദേശിക്കുന്നു.
3. കൗൺസിൽ : എന്നാൽ കൂത്തുപറമ്പ് നഗരസഭാ കൗൺസിൽ എന്ന് അർത്ഥമാക്കുന്നു.
4. ചെയർമാൻ: എന്നാൽ കൂത്തുപറമ്പ് നഗരസഭാ ചെയർമാൻ എന്നർത്ഥമാക്കുന്നു.
5. സെക്രട്ടറി: എന്നാൽ കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറി എന്നർത്ഥമാകുന്നു.
6. ലൈസൻസ് എന്നാൽ ഈ ബൈലോ പ്രകാരം വളർത്തുന്ന മൃഗങ്ങൾക്ക് അനുവദിക്കുന്ന ലൈസൻസ്.
7. വളർത്തുമൃഗം എന്നാൽ വിനോദത്തിനായോ, ഓമനമൃഗമായോ വളർത്തുന്നത്. പ്രജനനമൃഗം/ബ്രീഡിംഗ് ആനിമൽ- വാണിജ്യ ആവശ്യങ്ങൾക്കായി വളർത്തുന്ന മൃഗം.
8. ലൈസൻസി: ഈ ബൈലോ പ്രകാരം നൽകിയ ലൈസൻസ് നേടിയ വ്യക്തി.
9. ഉടമസ്ഥൻ എന്നാൽ

എ) ഈ ബൈലോ പ്രകാരം വളർത്തുമൃഗങ്ങളെ വളർത്തുന്നതിന് ലൈസൻസ് നേടിയ ആൾ

ബി)വളർത്തുമൃഗങ്ങളുടെ സ്വാഭാവിക വാസസ്ഥലം ആരുടെ ഉടമസ്ഥതയിലുള്ളതാണോ അയാൾ

10. ബ്രീഡർ : വളർത്തു മൃഗങ്ങളെ വാണിജ്യാവശ്യത്തിനായി പ്രജനനം നടത്തി വിൽപ്പന നടത്തുന്ന വ്യക്തി.

11. ബ്രീഡർ ലൈസൻസ്: വളർത്തു മൃഗങ്ങളെ വാണിജ്യാവശ്യത്തിനായി പ്രജനനം നടത്തുന്നതിനു വേണ്ടിയുള്ള ലൈസൻസ്.

12. ബ്രീഡർ മൃഗങ്ങൾക്കുള്ള ലൈസൻസ്: വാണിജ്യ ആവശ്യങ്ങൾക്കായി പ്രജനനം നടത്തുന്നതിനായി വളർത്തു മൃഗത്തിനുള്ള (ബ്രീഡർ സ്റ്റോക്ക് ) ലൈസൻസ്.

**പാർട്ട് 2: വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ്**

1. നഗരസഭാ പരിധിയിൽ വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസിന്റെ കാലാവധി 1 വർഷം.

2. ഈ ബൈലോ പ്രകാരം ഒരു വളർത്തു മൃഗം കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും പുതിയതായി ലൈസൻസിന് അപേക്ഷിക്കുമ്പോഴോ പുതുക്കുമ്പോഴോ താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതും, ലൈസൻസ് ഫീസ് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

എ) ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ വളർത്തുമൃഗത്തിന്റെ പ്രായം, തരം, ഇനം, വയസ്സ്, ലിംഗം എന്നിവ കൃത്യമായി രേഖപ്പെടുത്തണം

ബി) വളർത്തുമൃഗം പൂച്ചയോ, നായയോ ആണെങ്കിൽ വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയ സർട്ടിഫിക്കറ്റ് (ഏത് വാക്സിനാണെന്നും, അതിന്റെ കാലാവധിയും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം) . പേവിഷ ബാധയ്ക്കെതിരായുള്ള കുത്തിവെയ്പുമൂലം ലഭിക്കുന്ന പ്രതിരോധ കാലയളവ് എത്രയാണോ ആ കാലയളവിലേക്ക് മാത്രമെ ലൈസൻസ് അനുവദിക്കുകയുള്ളൂ.

ഈ കാലയളവിന് ശേഷം ലൈസൻസ് പുതുക്കുന്നതിന് വേണ്ടി നായ/പൂച്ച എന്നിവയ്ക്ക് പേവിഷ ബാധ പ്രതിരോധ കുത്തിവെയ്പ്പിന്റെ ബൂസ്റ്റർഡോസ് നൽകിയതിന് ശേഷം വാക്സിനേഷൻ സർട്ടിഫിക്കറ്റ് സഹിതം പുതുക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

സി) ഉടമസ്ഥന്റെ ആധാർ കാർഡിന്റെ കോപ്പി

പാർട്ട് 3: ബ്രീഡർ ലൈസൻസ്

1. ബ്രീഡർ ലൈസൻസ് : വളർത്തു മൃഗങ്ങളെ വാണിജ്യപരമായി പ്രജനനം നടത്തുകയും ആയതിൽ നിന്നുണ്ടാകുന്ന കുട്ടികളെ വിൽപന നടത്തുന്നവർ നിശ്ചിത ഫീസ് ഒടുക്കി നഗരസഭയിൽ നിന്നും ബ്രീഡേഴ്സ് ലൈസൻസ് എടുക്കേണ്ടതാണ്.
2. എല്ലാ ലൈസൻസികളും അനുവദിച്ചിട്ടുള്ള ബ്രീഡർ ലൈസൻസ് ടി സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
3. ഏത് സ്ഥലമാണോ മൃഗങ്ങളെ വാണിജ്യപരമായി പ്രജനനം നടത്തുന്നത് ടി സ്ഥാപനങ്ങൾ എപ്പോൾ വേണമെങ്കിലും നഗരസഭയിലെ ബന്ധപ്പെട്ട അധികാരികൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

പാർട്ട് 4: മൃഗ സംരക്ഷണ/പരിപാലന കേന്ദ്രങ്ങൾക്കുള്ള ലൈസൻസ്

1. മൃഗങ്ങളെ സംരക്ഷിക്കുന്ന വ്യക്തികളോ, സംഘടനകളോ നടത്തുന്ന കേന്ദ്രങ്ങൾ ലൈസൻസ് നേടിയിരിക്കണം
2. വളർത്തു മൃഗങ്ങളെ താൽക്കാലികമായി പരിപാലിക്കുന്ന കേന്ദ്രങ്ങൾ പെറ്റ്ഹോസ്റ്റലുകൾ, പെറ്റ് ബോർഡിംങ്ങ് തുടങ്ങിയവും ലൈസൻസ് നേടിയിരിക്കണം.

   ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ അയൽക്കാർക്ക് ശല്യമാകാത്ത വിധം വേണം മൃഗങ്ങളെ പരിപാലിക്കേണ്ടത്. ലൈസൻസിന്റെ കാലാവധി ഒരുവർഷമാണ്.

<u>വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കാനുള്ള മാനദണ്ഡം</u>

1. വളർത്തു മൃഗങ്ങളുടെ പരിചരണവും സംരക്ഷണവും ലൈസൻസിയുടെ പൂർണ്ണ ഉത്തരവാദത്തിലായിരിക്കും
2. അന്യർക്ക് ശല്യമോ ഉപദ്രവമോ ഉണ്ടാക്കുന്ന രീതിയിൽ തന്റെ നിയന്ത്രണത്തിലോ പരിസരത്തോ മൃഗങ്ങളെ വളർത്താൻ പാടില്ല. അങ്ങനെ ചെയ്യുന്ന പക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട് 436 വകുപ്പ് പ്രകാരം ഉടമസ്ഥനെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്.
3. ലൈസൻസുള്ള മൃഗങ്ങളിൽ നിന്ന് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഉടമസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.
4. മൃഗങ്ങളെ വൃത്തിയുള്ള സാഹചര്യത്തിൽ മാത്രമെ വളർത്താൻ പാടുള്ളൂ.
5. ഒന്നിൽ കൂടുതൽ മൃഗങ്ങളെ വളർത്തുകയാണെങ്കിൽ ഓരോ മൃഗത്തിനും പ്രത്യേകം ലൈസൻസ് എടുക്കണം.
6. ലൈസൻസ് അനുവദിക്കുന്നതിനായി പ്രസ്തുത വളർത്തുനായയെ നഗരസഭ അനുശാസിക്കുന്ന മൈക്രോചിപ്പിങ്ങിന് വിധേയമാക്കേണ്ടത് ഉടമയുടെ ഉത്തരവാദിത്വമാണ്. നിലവിൽ മൈക്രോചിപ്പുള്ള നായ്ക്കൾക്ക് അതേ ചിപ്പുതന്നെ തിരിച്ചറിയൽ അടയാളമായി ഉപയോഗിക്കാവുന്നതാണ്.

7. ലൈസൻസുള്ള വളർത്തുമൃഗം പ്രസവിച്ചാൽ ലൈസൻസി കുഞ്ഞുങ്ങളുടെ വിവരങ്ങൾ അറിയിക്കേണ്ടതും. നാലു മാസത്തിനകം ലൈസൻസ് എടുക്കേണ്ടതുമാണ്.
8. എല്ലാ നായ്ക്കുട്ടികൾക്കും പൂച്ചക്കുട്ടികൾക്കും 8-9 ആഴ്ച പ്രായമാകുമ്പോൾ തന്നെ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നൽകേണ്ടതാണ്.
9. നഗരസഭാ പരിധിയിൽ സാധാരണഗതിയിൽ ഒരാൾക്ക് പരമാവധി 10 നായകളെ മാത്രമെ വാണ്ജ്യപരമല്ലാത്ത ആവശ്യങ്ങൾക്ക് വളർത്തുവാൻ അനുവാദമുള്ളു. ഒന്നിൽ കൂടുതൽ നായകളെ വളർത്തുമ്പോൾ ഓരോ നായയ്ക്കും പ്രത്യേക ലൈസൻസ് ആവശ്യമാണ്. ഏതെങ്കിലും കാരണവശാൽ വളർത്തുന്ന നായകളുടെ എണ്ണം (വാണിജ്യപരമല്ലാത്തത്) 10 ൽ കൂടുതലാണെങ്കിൽ ആയത് ഉടൻതന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**മൃഗപരിപാലന കേന്ദ്രം/ ബ്രീഡർ ലൈസൻസികളുടെ ചുമതല**

1. മൃഗ പരിപാലന കേന്ദ്രം/പ്രജനന കേന്ദ്രങ്ങൾ നടത്തുന്നവർ അതാത് മൃഗങ്ങളുടെ പ്രത്യുല്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അവയുടെ ആരോഗ്യസ്ഥിതി, സ്വഭാവം, പോഷകാഹാരം എന്നിവയെക്കുറിച്ചെല്ലാം അറിവുള്ളവരായിരിക്കണം.
2. മൃഗ പരിപാലന കേന്ദ്രം/പ്രജനന കേന്ദ്രത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയേ മൃഗങ്ങളെ സൂക്ഷിക്കാൻ പാടുള്ളൂ. അവയ്ക്കാവശ്യമായ ഭക്ഷണം, വെള്ളം, സ്ഥലം ആരോഗ്യ സംരക്ഷണം എന്നിവ ഉറപ്പുവരുത്തണം.
3. മൃഗ പരിപാലന കേന്ദ്രം/പ്രജനന കേന്ദങ്ങൾ നടത്തുന്നവർ തന്റെ സ്ഥാപനത്തിൽ കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.
4. മൃഗങ്ങളെ വൃത്തിയുള്ള സാഹചര്യത്തിൽ മാത്രമേ വളർത്താൻ പാടുള്ളൂ.
5. മൃഗപരിപാലന കേന്ദ്രം,/ പ്രജനന കേന്ദ്രങ്ങൾ നടത്തുന്നവർ, അയൽപ്പക്കകാർക്ക് ശല്യമാകാത്ത രീതിയിൽ വേണം മൃഗങ്ങളെ പരിപാലിക്കേണ്ടത്. അസഹനീയമായ ശബ്ദം, മാലിന്യം, മാലിന്യത്തിൽ നിന്നുള്ള ദുർഗന്ധം എന്നിവ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ ഉണ്ടായിരിക്കേണ്ടതാണ്.
6. ബ്രീഡർ നായയെ വളർത്തുന്നവർ വെറ്റിനറി ഡോക്ടർ പരിശോധന നടത്തി, പൂർണ്ണ ആരോഗ്യമുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയ 18 മാസം പ്രായമുള്ള നായ്കളെ മാത്രമെ പ്രജനനത്തിന് ഉപയോഗിക്കാവൂ.
7. എട്ട് വയസ്സിന് മുകളിലുള്ള നായ്ക്കളെ ഇണചേർക്കരുത്. ഒരു നായയ്ക്ക് വർഷത്തിൽ ഒരു പ്രസവം എന്ന നിരക്കിൽ പ്രജനനം ക്രമീകരിക്കണം.

**8. ലൈസൻസ് കൈമാറ്റം ചെയ്യൽ**

നഗരസഭ ഒരു വ്യക്തിക്ക് വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിന് അപേക്ഷയിൽ പറഞ്ഞിട്ടുള്ള സ്ഥലത്ത് വളർത്തുവാൻ

വേണ്ടിമാത്രമാണ്. ആയതിനാൽ ലൈസൻസി തന്റെ വളർത്തുമൃഗത്തിനെ കൈമാറ്റം ചെയ്താൽ പുതിയതായി ഉടമസ്ഥാവകാശം കിട്ടുന്ന വ്യക്തി 30 ദിവസത്തിനകം നഗരസഭയിൽ ലൈസൻസ് കൈമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. മുൻ ലൈസൻസിന്റെ അസ്സൽ, പുതിയ ഉടമസ്ഥന്റെ തിരിച്ചറിയൽ രേഖകൾ എന്നിവ സമർപ്പിച്ച് ലൈസൻസ് പുതിയ ഉടമയുടെ പേരിൽ ആക്കേണ്ടതാണ്.

**ലൈസൻസ് പുതുക്കൽ**

- ലൈസൻസിന്റെ കാലാവധി ഒരു വർഷം ആയിരിക്കും. വർഷംതോറും ലൈസൻസ് പുതുക്കേണ്ടതാണ്.
- ലൈസൻസ് കാലാവധി തീരുന്നതിന് 10 ദിവസത്തിനകം നായ/പൂച്ച ബൂസ്റ്റർ വാക്സിനേഷൻ നൽകി ലൈസൻസ് പുതുക്കേണ്ടതാണ്. വെറ്റിനറി സർജൻ, വാക്സിനേഷൻ ഡിറ്റെയിൽസ് വാക്സിനേഷൻ കാർഡിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തണം.
- മറ്റ് മൃഗങ്ങൾക്ക് ലൈസൻസ് പുതുക്കാനുള്ള അപേക്ഷ ലൈസൻസ് കാലാവധി തീരുന്നതിന് 15 ദിവസം മുമ്പ് സമർപ്പിക്കേണ്ടതാണ്.

**അപേക്ഷാ ഫോറം**

ലൈസൻസിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്**

- വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ്ഫീസ്
- നായ - 300/- രൂപ
- പൂച്ച - 250/- രൂപ
- കന്നുകാലികൾ - 100/- രൂപ
- പന്നി - 100/- രൂപ
- കുതിര/മറ്റ് മൃഗങ്ങൾ - 1000/- രൂപ

**ബ്രീഡർ ലൈസൻസ് ഫീസ്**

- ഒരു ബ്രീഡർ നായയ്ക്ക് 500/- രൂപ എന്ന തോതിൽ ലൈസൻസ് ഫീസായി ഒടുക്ക് വരുത്തേണ്ടതാണ്. (മൈക്രോചിപ്പിന്റെ /കോളർവില ഉൾപ്പെടുന്നതല്ല)
- ഒരു ബ്രീഡർ പൂച്ചയ്ക്ക് 250/- രൂപ എന്ന തോതിൽ
- നഗരസഭയിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്ന വളർത്തു മൃഗങ്ങളുടെ ഉടമസ്ഥർ നഗരസഭയുടെ മുദ്ര പതിപ്പിച്ച കോളർ/ചിപ്പ് വളർത്തുമൃഗങ്ങളിൽ ധരിപ്പിക്കേണ്ടതാണ്.

**ലൈസൻസ് റദ്ദാക്കൽ**

- ലൈസൻസുള്ള വളർത്തുമൃഗം മരണപ്പെട്ടാൽ രേഖാമൂലം അറിയിച്ച് ലൈസൻസ് റദ്ദാക്കേണ്ടതാണ്.
- ലൈസൻസുള്ള വളർത്തുമൃഗത്തിനെ മറ്റൊരു തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലേക്ക്/ മറ്റൊരു വ്യക്തിക്ക് കൈമാറ്റം ചെയ്താൽ രേഖാമൂലം ലൈസൻസ് റദ്ദാക്കേണ്ടതാണ്.
- ഈ ബൈലോയിൽ നിഷ്കർഷിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകൾ തുടർച്ചയായി 3 പ്രാവശ്യം ലംഘിച്ചാൽ ലൈസൻസ് റദ്ദാക്കുന്നതാണ്.

**പിഴ/ശിക്ഷ**

ഈ ബൈലോയിൽ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം നിയമലംഘനം നടത്തുന്ന ആളിൽ നിന്നും 100/- രൂപ പിഴ ഈടാക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും. പിഴ അടക്കാനുള്ള നോട്ടീസ് ലഭിച്ച ശേഷവും അങ്ങനെയുള്ള ലംഘനം തുടരുകയാണെങ്കിൽ തുടരുന്ന ഓരോ ദിവസത്തിനും 50/- രൂപയിൽ കവിയാതെ പിഴയ്ക്ക് ബാധ്യസ്ഥനായിരിക്കും.

**പാർട്ട് 5: ബൈലോയുടെ നടപ്പാക്കൽ**

ബൈലോയിൽ പറയുന്ന സെക്രട്ടറിയുടെ അധികാരങ്ങൾ മറ്റ് ഉദ്യോഗസ്ഥർക്ക് രേഖാമൂലം ഏൽപ്പിച്ച് കൊടുക്കുന്നതിന് സെക്രട്ടറിക്ക് അധികാര മുണ്ടായിരിക്കുന്നതാണ്.

**പാർട്ട് :6 ബൈലോ ഭേദഗതി**

ആവശ്യമെന്ന് കാണുമ്പോൾ ഈ ചട്ടങ്ങൾ പുതുക്കാനും ഭേദഗതി ചെയ്യാനും അവയെ വ്യാഖ്യാനിക്കാനും ഉള്ള അധികാരം കൗൺസിലിന് നിക്ഷിപ്തമാണ്.

KUTHUPARAMBA MUNICIPALITY

സെക്രട്ടറി
കൂത്തുപറമ്പ് മുനിസിപ്പാലിറ്റി